"ഭരണഭാഷ – മാതൃഭാഷ"

നമ്പർ. DFB/388/2024-E1

"സുരക്ഷാഭവൻ"
ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് &ബോയിലേഴ്സ്
കുമാരപുരം, തിരുവനന്തപുരം-11
ഫോൺ : 0471-2441597
ഇ-മെയിൽ : directorate.fab@kerala.gov.in

തീയതി : 25-04-2024

**സർക്കുലർ നം. 11/2024**

വിഷയം:- ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറേറ്റ് - ഓൺലൈൻ പൊതുസ്ഥലംമാറ്റം - 2024 – അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന:- സ.ഉ.(പി) നം.3/2017/ഉഭപവ തീയതി 25.02.2017 നമ്പർ സർക്കാർ ഉത്തരവ്.

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ സ.ഉ.(പി) നം.3/2017/ഉഭപവ തീയതി 25.02.2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2024-ലെ പൊതുസ്ഥലംമാറ്റം ഓൺലൈൻ വഴി നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ വകുപ്പിലെ എല്ലാ ഓഫീസുകളും പാലിക്കേണ്ടതാണ്. അതിൻ പ്രകാരം എല്ലാ സ്ഥാപന മേധാവികളും ജീവനക്കാരുടെ സേവന വിവരങ്ങൾ സ്പാർക്കിൽ കൃത്യമായി അപ്ഡേറ്റ് ചെയ്യേണ്ടതും അതിനുശേഷം ലോക്ക് ചെയ്യേണ്ടതുമാണ്. ഇത്തരത്തിൽ ലോക്ക് ചെയ്യാത്ത സ്ഥാപനങ്ങളിലെ അപേക്ഷ മേലധികാരികൾക്ക് ഫോർവേഡ് ചെയ്യുന്നതിന് സാധിക്കുന്നതല്ല. സ്പാർക്കിലെ സേവന വിവരങ്ങളിൽ ഉണ്ടാകുന്ന പിഴവ് മൂലം പൊതുസ്ഥലം മാറ്റത്തിൽ അപാകത സംഭവിക്കുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് ഓഫീസ് മേധാവികൾക്കായിരിക്കുമെന്നും ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

<u>**വകുപ്പിലെ ഓൺലൈൻ ജനറൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**</u>

| | | |
|---|---|---|
| 1. | സ്റ്റേറ്റ് ലെവൽ ഓഫീസർ & സ്റ്റേറ്റ് ലെവൽ ഓഫീസ് | ശ്രീ. പി. പ്രമോദ്<br><br>ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ, സുരക്ഷാ ഭവൻ, ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, കുമാരപുരം, മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം - 695 011, ഫോൺ നം. 0471 -2441597 |
| 2. | നോഡൽ ഓഫീസർ | ശ്രീമതി വൽസ എ.കെ.<br><br>ഗവ. അണ്ടർ സെക്രട്ടറി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |

**വകുപ്പിലെ ഓൺലൈൻ ജനറൽ ട്രാൻസ്ഫർ 2024 – ലെ അപേക്ഷ ക്ഷണിക്കുന്ന കാറ്റഗറികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| 1. | അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് |
| 2 | കെമിക്കൽ ഇൻസ്പെക്ടർ |
| 3 | ക്ലാർക്ക് |
| 4 | ക്ലാർക്ക് - ടൈപ്പിസ്റ്റ് |
| 5 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് |
| 6 | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II |
| 7. | ഡ്രൈവർ ഗ്രേഡ് II |
| 8. | ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ് I |
| 9. | ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് ഗ്രേഡ് II |
| 10 | ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് |
| 11 | ജൂനിയർ സൂപ്രണ്ട് |
| 12. | എൽ.ഡി. ടൈപ്പിസ്റ്റ് |
| 13. | മെഡിക്കൽ ഓഫീസർ |
| 14 | സീനിയർ സൂപ്രണ്ട് |

**ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ**

1. വകുപ്പിലെ ജീവനക്കാർക്ക് 2024-ലെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷ ഓൺലൈനായി 01.05.2024, 10:00:00 AM മുതൽ 09.05.2024, 11:59:59 PM വരെ സ്പാർക്കിലെ Individual Login വഴി സമർപ്പിക്കാവുന്നതാണ്.

2. 2024 ഫെബ്രുവരി 28 -ന് മൂന്ന് വർഷം പൂർത്തിയാക്കുന്ന ജീവനക്കാരുടെ അപേക്ഷകൾ മാത്രമേ പൊതുസ്ഥലം മാറ്റത്തിന് പരിഗണിക്കുകയുള്ളൂ.

3. ഓൺലൈൻ മുഖാന്തിരം ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിലെ ജീവനക്കാർക്കുള്ള സ്ഥലം മാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നത് www.spark.gov.in/webspark എന്ന സൈറ്റിൽ Individual Login ചെയ്തതിനു ശേഷം Service Matters ---------- Application for General Transfer എന്ന ഓപ്ഷൻ Open ചെയ്യുക. അപേക്ഷകന്റെ പെൻ നമ്പർ നൽകി ആ വ്യക്തിയുടെ സ്പാർക്ക് അക്കൗണ്ടിൽ ചേർത്തിരിക്കുന്ന മൊബൈൽ നമ്പർ നൽകുമ്പോൾ അപേക്ഷ ഫോറം ലഭ്യമാകുന്നതാണ്. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി/സെലക്ട് ചെയ്ത് പരിശോധിച്ച് ശരിയാണെന്ന് ഉറപ്പു വരുത്തി ഡിക്ലറേഷൻ അംഗീകരിക്കുക. അതിനുശേഷം അതിനു താഴെയുള്ള ഒ.റ്റി.പി (വൺ ടൈം പാസ് വേഡ്)-ൽ വെരിഫൈ ബട്ടൺ ക്ലിക് ചെയ്യുമ്പോൾ അപേക്ഷകന്റെ മൊബൈലിൽ ലഭിക്കുന്ന നമ്പർ ചേർത്താൽ മാത്രമേ അപേക്ഷ രജിസ്റ്റർ ആകുകയുള്ളൂ. ഇങ്ങനെ സമർപ്പിക്കപ്പെടുന്ന അപേക്ഷയിൽ യാതൊരുവിധ തിരുത്തലും സാധ്യമല്ലാത്തതിനാൽ കൃത്യമായും ശ്രദ്ധാപൂർവ്വവും അപേക്ഷ പരിശോധിച്ച് സമർപ്പിക്കേണ്ടതാണ്. അതിനുശേഷം പ്രിന്റ് എടുത്ത് ആവശ്യമായ രേഖകൾ സഹിതം അപേക്ഷകൾ അതാത് ഓഫീസിൽ സമർപ്പിക്കുക. ഈ സൗകര്യം ജീവനക്കാർക്ക് 09.05.2024, 11:59:59 PM വരെ മാത്രമേ ലഭ്യമാകുകയുള്ളൂ

4 . ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷ അതാത് ഓഫീസ് മേധാവികൾ/ഡി.ഡി.ഒ-മാർ

പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്തി ജില്ലാ ലെവൽ ഓഫീസിലേക്ക് 10.05.2024, 10:00:00 AM മുതൽ 15.05.2024, 11:59:59 PM -ന് മുമ്പായി ഓൺലൈനായി അപേക്ഷകൾ റിമാർക്കുകളോടു കൂടി ഫോർവേഡ് ചെയ്യാവുന്നതാണ്.

5 . ജില്ലാ ലെവൽ ഓഫീസ് മേലധികാരിയ്ക്ക് ലഭിക്കുന്ന ജീവനക്കാരുടെ സ്ഥലം മാറ്റത്തിന്റെ അപേക്ഷകൾ പരിശോധിച്ച് 16.05.2024, 10:00:00 AM മുതൽ 20.05.2024, 11:59:59 PM -ന് മുമ്പായി സ്റ്റേറ്റ് ലെവൽ ഓഫീസർ (ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ)-ക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്.

6 . ജീവനക്കാരുടെ ഓൺലൈൻ ജനറൽ ട്രാൻസ്ഫറിനുള്ള അപേക്ഷകൾ സ്റ്റേറ്റ് ലെവൽ ഓഫീസർ ജില്ലാ ലെവൽ ഓഫീസറിൽ നിന്നും സ്വീകരിക്കുന്നത് 21.05.2024, 10:00:00 AM മുതൽ 24.05.2024, 11:59:59 PM വരെ ആയിരിക്കും. ഈ തീയതികളിൽ യാതൊരു കാരണവശാലും മാറ്റം ഉണ്ടാകുന്നതല്ല.

7 . എല്ലാ ജീവനക്കാരും ഓഫീസ് മേധാവികളും നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷകൾ സ്പാർക്ക് മുഖാന്തരം സമർപ്പിക്കേണ്ടതാണ്.

8. ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ തെറ്റായി രേഖപ്പെടുത്തുക, മറച്ച് വയ്ക്കുക, വിവരങ്ങൾ നൽകാതെ വീഴ്ച വരുത്തുക തുടങ്ങിയവ മൂലം ഏതെങ്കിലും ഒരു ജീവനക്കാരന് സ്ഥലമാറ്റത്തിനുള്ള അവസരം നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

9. സ്പാർക്കിൽ ജീവനക്കാരുടെ സർവ്വീസ് ഹിസ്റ്ററിയിൽ ശരിയായ രീതിയിൽ പൂർണ്ണ വിവരങ്ങൾ ചേർക്കേണ്ടത് ബന്ധപ്പെട്ട ഓഫീസ് മേധാവിയുടെ ഉത്തരവാദിത്വമാണ്.

10. സ്പാർക്ക് മുഖാന്തിരം സമർപ്പിച്ച അപേക്ഷകൾ താഴെപ്പറയുന്ന നടപടി ക്രമങ്ങൾ പാലിച്ചാൽ മാത്രമേ അപേക്ഷകൾ ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറുടെ കാര്യാലയത്തിൽ ഓൺലൈൻ വഴി ലഭിക്കുകയുള്ളൂ. അതിലേയ്ക്കായി എല്ലാ ഓഫീസിലേയും ഓഫീസ് ലോഗിൻ-ൽ Service Matters ........... Online Transfer Processing ................ Online Application Processing ഓപ്ഷൻ വഴി സബ്മിറ്റ് ചെയ്യേണ്ടതാണ്.

11. ജില്ലാ ലെവൽ ഓഫീസിൽ ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ ജില്ലാ ലെവൽ ഓഫീസർ പരിശോധിച്ച് ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറുടെ കാര്യാലയത്തിലേക്ക് 20.05.2024, 11:59:59 PM -ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

12. ഓൺലൈൻ ജനറൽ ട്രാൻസ്ഫർ സംബന്ധിച്ച സാങ്കേതിക സംശയങ്ങൾക്ക് അതാത് ജില്ലാ ലെവൽ ഓഫീസിൽ ബന്ധപ്പെട്ട ജീവനക്കാരെ നിയോഗിക്കുകയും ഫോൺ നമ്പർ എല്ലാ ഓഫീസുകൾക്കും നൽകേണ്ടതാണ്.

13. വകുപ്പിലെ ഡയറക്ടറേറ്റിൽ നിന്നും ലഭിക്കേണ്ട വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പരും ഇ-മെയിൽ ഐ.ഡി-യും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഡയറക്ടറേറ്റ് | 0471 – 2441597 | directorate.fab@kerala.gov.in, it.fab@kerala.gov.in |
| നോഡൽ ഓഫീസർ | 8589011322 | |
| എസ്റ്റാബ്ലിഷ്മെന്റ് | 9562935340 | |
| ഐ.റ്റി. സെക്ഷൻ | 8848369446 | |

| | | |
|---|---|---|
| | 9387777760 | |

Signed by Pramod P
Date: 25-04-2024 14:20:49
Reason: Approved
ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ

ഉള്ളടക്കം:- ഓൺലൈൻ ജനറൽ ട്രാൻസ്ഫറിന് അപേക്ഷിക്കുന്നതിനുള്ള സ്പാർക്കിൽ നിന്നുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

സ്വീകർത്താവ് എല്ലാ ഓഫീസ് മേധാവികളും, ഡി.ഡി.ഒ, ജില്ലാ ലെവൽ ഓഫീസർമാർ, ജീവനക്കാർ

പകർപ്പ്:- ഔദ്യോഗിക വെബ്സൈറ്റ്/ഫാബ്കേരള വാട്സ്അപ്പ് ഗ്രൂപ്പ്